# ശുഭയാത്രാ പദ്ധതിയോടനുബന്ധിച്ച് ബോധവത്കരണ ക്ളാസ്സ് നടത്തി

എറണാകുളം റൂറൽ പോലീസിൻെറ ശുഭയാത്രാ പദ്ധതിയോടനുബന്ധിച്ച് അങ്കമാലി ജനമൈത്രി പോലീസിൻെറ ആഭിമുഖ്യത്തിൽ അങ്കമാലി വ്യാപാരഭവനിൽ വച്ച് ഒരു ബോധവത്കരണ പരിപാടി നടത്തി. അങ്കമാലിയിലേയും പരിസരങ്ങളിലേയും ഓട്ടോറിക്ഷ , ടാക്സി, ബസ് ഡ്രൈവർമാർക്ക് വാഹനാപകടങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ചും ഹൃദയസംബന്ധമായ അസുഖങ്ങളുണ്ടാകുമ്പോൾ കൊടുക്കേണ്ട പ്രഥമശുശ്രൂഷയെക്കുറിച്ചും ക്ളാസ്സുകൾ എടുത്തു.

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് സംസ്ഥാന ഗവർമെൻ്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ ഭാഗമായിട്ടാണ് പരിപാടി നടത്തിയത്. അങ്കമാലി മർച്ചെൻ്റ് അസ്സോസിയേഷൻ, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി, അങ്കമാലി മേഖല റസിഡൻസ് അസ്സോസിയേഷൻ, ബസ് ഉടമസ്ഥാ സംഘം, എന്നിവരുടെ സഹകരണത്തോടെ അങ്കമാലിയിലെ ഓട്ടോറിക്ഷ, ടാക്സി, സർവ്വീസ് ബസ്, സ്കൂൾ വാഹനങ്ങൾ എന്നിവ ഓടിക്കുന്ന ഡ്രൈവർമാർക്കാണ് ക്ളാസ്സ് എടുത്തത്.

അങ്കമാലി മർച്ചെൻ്റ് അസ്സോസിയേഷൻ ഹാളിൽ നടന്ന പദ്ധതിയുടെ ഉദ്ഘാടനം അങ്കമാലി സർക്കിൾ ഇൻസ്പെക്ടർ എസ്.മുഹമ്മദ് റിയാസ് നിർവ്വഹിച്ചു.അങ്കമാലി സബ് ഇൻസ്പെക്ടർ പി എച്ച് സമീഷ്, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി ഡയറക്ടർ ഫാദർ സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ, മർച്ചെൻ്റ് അസ്സോസിയേഷൻ പ്രസിഡൻ്റ് സാജു ചാക്കോ അങ്കമാലി മേഖല റസിഡൻസ് അസ്സോസിയേഷൻ പ്രസിഡൻ്റ് കെ എ പൌലോസ്, സബ് ഇൻസ്പെക്ടർ മൊയ്തീൻ, ജോൺസൺ എന്നിവർ പ്രസംഗിച്ചു. അങ്കമാലി ജോയിൻ്റ് ആർ.ടി.ഒ ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മനോജ്, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ പി ആർ ഒ ബാബു, എൽദോ വർഗ്ഗീസ് എന്നിവർ ക്ളാസ്സെടുത്തു.


2016
WEAR. BELIEVE

